# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1237 — 04.02.2019-ൽ മറുപടിക്ക്

## അംഗീകാരമില്ലാത്ത സ്കൂളുകളുടെ അടച്ചുപൂട്ടൽ

| ചോദ്യം<br>ശ്രീ. എം. ഉമ്മർ | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ 2018-19 അദ്ധ്യയന വർഷം അടച്ചുപൂട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) 2009 – ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം, 2011-ലെ വിദ്യാഭ്യാസ അവകാശ ചട്ടം എന്നിവയിലെ വ്യവസ്ഥകളുടെയും 16.03.2016 – ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ CRMP No. 4426/05/LA1/2015/ KeSCPCR നമ്പർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ വ്യക്തമായി പരിശോധിച്ചാണ് അനംഗീകൃത അൺഎയ്ഡഡ് സ്കൂളുകൾ നിർത്തലാക്കാനുള്ള തീരുമാനം സർക്കാർ കൈക്കൊള്ളുകയും 19.07.2017 – ലെ സർക്കാർ കത്ത് നമ്പർ G.Edn./F1/27/ 2017/G.Edn. പ്രകാരം സംസ്ഥാനത്തെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചുപൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നിർദ്ദേശം നൽകുകയും, അംഗീകാരം ഇല്ലാത്ത സ്കൂളുകൾക്ക് അടച്ചുപൂട്ടൽ നോട്ടീസ് നൽകുന്നത് ഉൾപ്പെടെയുള്ള നടപടി ക്രമങ്ങൾ സ്വീകരിക്കുകയും ചെയ്തു. തുടർന്ന് സ്കൂൾ മാനേജ്മെന്റുകൾ ബഹു. കോടതിയെ സമീപിക്കുകയും ടി വിഷയം കോടതി പരിഗണിക്കുകയും തുടർന്നുള്ള വാദത്തിൽ 2018-19 വർഷം സ്കൂളുകൾ അടച്ചുപൂട്ടുന്ന നടപടി ഉണ്ടാവില്ല എന്ന് സർക്കാർ കോടതിയെ ബോധിപ്പിക്കുകയുമുണ്ടായി. ഈ സാഹചര്യത്തിൽ സ്കൂളുകൾ അടച്ചുപൂട്ടുന്ന നടപടിക്രമങ്ങൾ നിർത്തിവെയ്ക്കുകയുണ്ടായി.<br>തുടർന്ന് റിട്ട് ഹർജി നം. 31912/2014 ഉൾപ്പെടെ ഒരു കൂട്ടം ഹർജികളിന്മേലുള്ള 05.07.2018–ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിൽ അംഗീകാരമില്ലാത്ത സ്കൂളുകൾ അംഗീകാരം നൽകുന്നതിനും സി.ബി.എസ്.ഇ., ഐ. സി. എസ്. ഇ. അഫിലിയേഷൻ ലഭിക്കുന്നതിനുള്ള എൻ.ഒ.സി. നൽകുന്നതിനും നടപടി സ്വീകരിക്കുവാൻ ഉത്തരവായിട്ടുണ്ട്. തുടർ കാര്യങ്ങൾ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഉണ്ടെങ്കിൽ ഇത്തരം തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് മുൻപ് പ്രസ്തുത മേഖലയിൽ ഉണ്ടാകാൻ സാധ്യതയുള്ള വിദ്യാഭ്യാസപരവും തൊഴിൽപരവുമായ പ്രതിസന്ധികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | അനംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾ നിർത്തലാക്കാൻ തീരുമാനമെടുക്കുന്നതിന് മുന്നോടിയായി ഈ വിഷയത്തിന്റെ വിവിധവശങ്ങൾ സർക്കാർ പരിശോധിച്ചിരുന്നു. |
| (സി) | ഇത്തരം സ്ഥാപനങ്ങൾ അടച്ച് പൂട്ടുമ്പോൾ, ബദൽ ക്രമീകരണം ഈ അദ്ധ്യയന വർഷം തന്നെ പൂർണ്ണമായി നടപ്പിലാക്കാൻ കഴിയുമോ; വിശദമാക്കാമോ; | (സി) യും (ഡി) യും | (എ) പിരിവിനുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (ഡി) | ഇല്ലെങ്കിൽ പ്രസ്തുത സ്കൂളുകൾ അടച്ചു പൂട്ടുന്നതിന് സാവകാശം നൽകുകയോ, ചട്ട പ്രകാരമുള്ള നിലവാരം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്ത് പൊതുവിദ്യാഭ്യാസ രംഗത്തെ പ്രതിസന്ധി കുറയ്ക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ